(സി) ക്ഷേമനിധിയിൽ അംശദായം അടയ്ക്കുന്നതിന്റെ അനുപാതക്രമം എപ്രകാരമാണ് ; ഇതുവരെ ക്ഷേമനിധിയിലേക്ക് എന്ത് തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് പെൻഷൻ നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയാണ് ; ഇത് അപര്യാപ്തമാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) പ്രസ്തുത ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 30-11-1999 വരെ 9956 തൊഴിലാളികൾ.

(സി) തൊഴിലാളി വിഹിതമായി പ്രതിമാസം 25 രൂപയും തൊഴിലുടമ വിഹിതമായി പ്രതിമാസം 25 രൂപ ക്രമത്തിലും അംശദായം അടയ്ക്കണം. 31-3-1999 വരെ ഈയിനത്തിൽ ആകെ 30,63,070 രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തിയിട്ടില്ല.

(ഇ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് തന്നെയാണ് കേരളാ ഓട്ടോറിക്ഷാ ക്ഷേമനിധി പദ്ധതിയും നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നു.

സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേജസ്

64 (2642) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേജസ് അവസാനമായി പുതുക്കി നിശ്ചയിച്ച് ഉത്തരവ് ഇറക്കിയത് എന്നാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) ഉത്തരവിന്റെ കാലാവധി എന്നാണ് പൂർത്തിയായത് ;

(ഡി) നിലവിലുള്ള ഉത്തരവിന്റെ കാലാവധി പൂർത്തിയായതിനാൽ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 25.4.1990-ൽ

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ചില സ്വകാര്യ ആശുപത്രി ഉടമകൾ സമർപ്പിച്ചിരുന്ന ഹർജികളിൻമേൽ തീർപ്പ് കല്പിച്ചുകൊണ്ട് പ്രസ്തുത ഉത്തരവ് ബഹു. ഹൈക്കോടതി 18-6-96-ൽ റദ്ദുചെയ്യുകയുണ്ടായി.

(ഡി&ഇ) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി 10-5-99-ൽ 19664/ഇ1/96/തൊ നമ്പർ പ്രകാരം പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിൻമേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും മിനിമം വേതന ഉപദേശക സമിതിക്ക് അയച്ചു കൊടുത്ത് അവരുടെ അഭിപ്രായം ആരായുകയും അതിന്റെ അടിസ്ഥാനത്തിൽ അന്തിമ വിജ്ഞാപനത്തിന്റെ കരട് ലേബർ കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുകയുമാണ്. എന്നാൽ ഈ പ്രാഥമിക വിജ്ഞാപനത്തെ കേരള പ്രൈവറ്റ് ഹോസ്പിറ്റൽ അസോസിയേഷൻ ബഹു.ഹൈക്കോടതിയിൽ ചോദ്യം ചെയ്ത് ഒ.പി.നമ്പർ 30835/99നു ഫയൽ ചെയ്യുകയും പ്രസ്തുത ഒ.പി.യിലെ വിധിക്കു വിധേയമായി മാത്രമേ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാനാവൂ എന്ന് കോടതി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

65 (2643) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാലാകാലങ്ങളിൽ സർക്കാർ വിലയിരുത്താറുണ്ട്. ക്ഷേമനിധി ബോർഡുകളുടെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർമാരുമായും ചെയർമാൻമാരുമായും വിവിധ തലങ്ങളിൽ ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ചർച്ച നടത്തുകയും ക്ഷേമനിധി ബോർഡുകളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ നിർദ്ദേശവും സഹായവും അവർക്കു നൽകുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ ക്ഷേമനിധി ബോർഡുകളുടെ വാർഷിക റിപ്പോർട്ടും ആഡിറ്റ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സും സർക്കാർ കാലാകാലങ്ങളിൽ അവലോകനം ചെയ്യുകയും ബോർഡിന്റെ വാർഷിക ബഡ്ജറ്റിന് അംഗീകാരം നൽകുകയും ചെയ്യുന്നുണ്ട്. ഇതിനു പുറമേ, ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ നിയമ/പദ്ധതി ഭേദഗതികളും സർക്കാർ അംഗീകാരത്തോടെ നടപ്പിൽ വരുത്തുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly